**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 667** **28-06-2022 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി കുടിശ്ശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എ കെ എം അഷ്‌റഫ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | വിവിധ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും 850 കോടിയോളം രൂപ വൈദ്യുതി കുടിശ്ശിക അടയ്ക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. 31.03.2022 വരെയുള്ള കണക്ക് പ്രകാരം വിവിധ സർക്കാർ ഓഫീസുകളും പൊതുമേഖലാ സ്ഥാപനങ്ങളും പൊതുസ്ഥാപനങ്ങളുമായി 1352 കോടിയോളം രൂപ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുണ്ട്. ആയതിൽ ഏറ്റവും കൂടുതൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനം കേരള വാട്ടർ അതോറിറ്റിയാണ് (996.90 കോടി രൂപ).<br><br>30.09.2018 വരെയുള്ള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക 1326.69 കോടി രൂപയായി നിജപ്പെടുത്തി (1062.98 കോടി രൂപ മുതലിനത്തിലും 263.71 കോടി രൂപ<br>6% പലിശ നിരക്കിലും കണക്കാക്കി) 2019-20 സാമ്പത്തിക വർഷം മുതൽ 331.67 കോടി രൂപ വീതം 4 തവണകളായി 4 വർഷത്തെ ബഡ്ജറ്റ് വിഹിതമായി കെ.എസ്.ഇ.ബി.എൽ-ന് നൽകുന്നതിനായി 14.01.2019 ലെ സ.ഉ(സാധാ) നം.10/2019/ ഊ.വ നമ്പർ ഉത്തരവ് പ്രകാരം തീർപ്പാക്കുകയുണ്ടായി. ഇതിൽ 3വാർഷിക തവണകൾ ഇതിനകം ലഭ്യമായിട്ടുണ്ട്. തനതു വർഷം അവസാന ഗഡുവായി 331.67 കോടി രൂപ സർക്കാരിൽ നിന്നും നൽകാനുണ്ട്.<br><br>ഇതേ തുടർന്ന് 01.10.2018 മുതൽ 31.05.2022 വരെ പ്രതിമാസം 30 കോടി രൂപയോളം വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഇനത്തിൽ വർദ്ധിച്ച് 2022 മേയ് മാസത്തെ |

| | | | |
|---|---|---|---|
| | | | കണക്കുകൾ പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക 1060.91 കോടി രൂപയാണ്.<br><br>കാലാകാലങ്ങളിൽ സർക്കാർ തലത്തിലെ ഇടപെടലുകളിൽകൂടി മാത്രമാണ് കേരള വാട്ടർ അതോറിറ്റിയുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക തീർപ്പാക്കുന്നത്. സർക്കാർ വകുപ്പുകളുടെ കുടിശ്ശിക തീർക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ നിരവധി ഉന്നതതല യോഗങ്ങൾ നടത്തുകയും എല്ലാ വകുപ്പുകളും കേന്ദ്രീകൃത ബില്ലിംഗ് സംവിധാനത്തിലേക്ക് മാറണമെന്ന് നിർദ്ദേശം നൽകിയിട്ടുമുണ്ട്. കൂടാതെ സർക്കാർ ഓഫീസുകളുടെ കുടിശ്ശിക തീർപ്പാക്കുന്നതിലേക്കായി കെ.എസ്.ഇ.ബി.എൽ കുടിശ്ശികയുള്ള എല്ലാ സർക്കാർ സ്ഥാപന മേധാവികൾക്കും കൺസ്യൂമർ നമ്പർ അടിസ്ഥാനത്തിൽ തന്നെ വിശദവിവരം തയ്യാറാക്കി നൽകുകയും ആയത് സംബന്ധിച്ചുള്ള തുടർ നടപടികൾ നടന്നുവരികയും ചെയ്യുന്നു. |
| (ബി) | വൈദ്യുതി ചാർജ് വർദ്ധിപ്പിക്കാൻ നീക്കം നടക്കുന്ന അവസരത്തിൽ ഈ കുടിശ്ശിക പിരിച്ചെടുക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ; | (ബി) | കോവിഡ് 19 മഹാമാരിയോടനുസരിച്ച് 25.03.2020-ൽ ഉണ്ടായ സമ്പൂർണ്ണ അടച്ചിടലും അതേത്തുടർന്ന് ഉണ്ടായിട്ടുള്ള സാമ്പത്തിക മാന്ദ്യവും പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഇ.ബി.എൽ-ന്റെ പ്രവർത്തനങ്ങളെയും സാരമായി ബാധിക്കുകയുണ്ടായി. എന്നാൽ നിലവിൽ കുടിശ്ശിക പിരിച്ചെടുക്കുന്ന വിഷയത്തിൽ കെ.എസ്.ഇ.ബി.എൽ ഊർജ്ജിതശ്രമം നടത്തി വരുന്നുണ്ട്. എന്നാൽ 31.03.2022 വരെയുള്ള കാലയളവിൽ കെ.എസ്.ഇ.ബി.എൽ-ന് 430.49 കോടി രൂപയോളം ബഹുമാനപ്പെട്ട സുപ്രീംകോടതി, ഹൈക്കോടതി, വിവിധ ലീഗൽ ഫോറങ്ങൾ എന്നിവയിൽ തീർപ്പിനായി നിൽക്കുന്നുണ്ട്. ആയത് ബഹുമാനപ്പെട്ട കോടതികളുടെ തീർപ്പനുസരിച്ച് മാത്രമേ പിരിച്ചെടുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാൻ കെ.എസ്.ഇ.ബി.എൽ-ന് സാധിക്കുകയുള്ളൂ. |
| (സി) | ചെലവ് ചുരുക്കിയും കുടിശ്ശിക പിരിച്ചെടുത്തും വൈദ്യുതി ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ? | (സി) | ഇക്കാര്യത്തിനായി ചുവടെ ചേർക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>1.പലിശ നിരക്ക് കൂടിയ വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ നിരക്കിലുള്ള വായ്പകൾ എടുക്കുന്നതാണ്.<br><br>2.ബഡ്ജറ്റ് കൺട്രോളിലൂടെ ഫീൽഡ് യൂണിറ്റുകളുടെ ചെലവ് ചുരുക്കാൻ നടപടി സ്വീകരിക്കുന്നു. |

| | | | |
|---|---|---|---|
| | | | 3.കോവിഡ് 19 മഹാമാരിയുടെ ഒന്ന്, രണ്ട്, മൂന്നാം തരംഗങ്ങളുടെ കാരണത്താൽ താൽക്കാലികമായി തടസ്സപ്പെട്ടിരുന്ന കുടിശ്ശിക പിരിവ് കെ.എസ്.ഇ.ബി.എൽ വീണ്ടും ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക വരുത്തിയിട്ടുള്ള സ്വകാര്യ വ്യക്തികൾക്കും, സ്ഥാപനങ്ങൾക്കും ആയത് സംബന്ധിച്ചുള്ള കുടിശ്ശിക നോട്ടീസുകൾ നൽകി തുടർന്നും അടവാക്കാത്ത സ്ഥാപനങ്ങളുടെയും വ്യക്തികളുടേയും വൈദ്യുതി ബന്ധം വിച്ഛേദിച്ച്, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ നടത്തി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീംകോടതി, ഹൈക്കോടതി, വിവിധ ലീഗൽ ഫോറങ്ങൾ എന്നിവയിൽ തീർപ്പാക്കാതെയുള്ള വ്യവഹാരങ്ങളിൽപ്പെട്ടിട്ടുള്ള കുടിശ്ശിക തീർപ്പാക്കുന്നതിനായി കെ.എസ്.ഇ.ബി.എൽ-ന്റെ ലീഗൽസെൽ കേസ് നടപടികൾ ത്വരിതപ്പെടുത്തുവാനുള്ള നടപടി ക്രമങ്ങൾ നടത്തി വരുന്നു. ഇത്തരത്തിൽ കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള നടപടിയുടെ ഭാഗമായി "ഒറ്റത്തവണ തീർപ്പാക്കൽ" പദ്ധതിയും കെ.എസ്.ഇ.ബി.എൽ നടത്തുകയുണ്ടായി. മേൽ പദ്ധതിയിലൂടെ 2 വർഷത്തിനുമേലുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള അവസരം ഉപഭോക്താക്കൾക്ക് ലഭ്യമാക്കുകയുണ്ടായി. |

സെക്ഷൻ ഓഫീസർ